## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1452** **13.07.2016-ൽ മറുപടിക്ക്**

**പെരുമ്പാവൂർ കോടനാട് പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ അഭാവം**

| ചോദ്യം<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി** | മറുപടി<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ)പെരുമ്പാവൂർ മണ്ഡലത്തിലെ കോടനാട് പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) കോടനാട് പി.എച്ച്.സി-യിൽ നിലവിൽ മെഡിക്കൽ ഓഫീസറുടെ 3 തസ്തികകളാണുള്ളത്. നിലവിൽ ഒരു മെഡിക്കൽ ഓഫീസർ പ്രസവാവധിയിലും ഒരു ഡോക്ടർ ആർജിതാവധിയിലുമാണ്. ആയതിനാൽ ആലുവ ജില്ലാ ആശുപത്രിയിൽ നിന്നും ഒരു അസിസ്റ്റന്റ് സർജനെ തിങ്കൾ, ബുധൻ എന്നീ ദിവസങ്ങളിൽ ഈ സ്ഥാപനത്തിലേക്ക് നിയോഗിച്ചിട്ടുണ്ട് |
| (ബി)ഞായറാഴ്ച പോലും അൻപതോളം രോഗികൾ എത്തുന്ന ഇവിടെ ഞായറാഴ്ചകളിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (ബി) 3 ഡോക്ടർമാരുടെ തസ്തിക നിലവിലുള്ളതിൽ 2 ഡോക്ടർമാർ അവധിയിലായതിനാലാണ് ഞായറാഴ്ചകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ കഴിയാത്തത്. ടി ഡോക്ടർമാർ അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഞായറാഴ്ചകളിലും സേവനം ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ